LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി പ്ലാന്റേഷൻസ് ഇൻസ്പെക്ടർ പാടികളുള്ള തോട്ടങ്ങളിൽ, തോട്ടം പരിശോധനാവേളയിൽ സന്ദർശിക്കുകയും സ്വന്തമായി വീടുവച്ച് താമസിച്ച തൊഴിലാളികളുടെ പാടികളൊഴികെ മിക്ക പാടികളും വാസയോഗ്യമാണെന്നും, ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തിവരുന്നതായും അറിയിച്ചു. വാസ യോഗ്യമല്ലാത്ത ഏതാനും പാടികൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് മാനേജ്മെന്റിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) തോട്ടങ്ങളിൽ പരിശോധന നടത്തി ലയങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബോധ്യപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ എടുക്കാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോയെന്ന് വീണ്ടും പരിശോധന നടത്തുന്നതിന് പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൂട്ടിയ ബാർ/ബീവറേജ് തൊഴിലാളികളുടെ പുനരധിവാസം

192 (4995) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാറുകളും ബീവറേജ് ഔട്ട്ലെറ്റുകളും പൂട്ടിയതിന്റെ ഭാഗമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) രജിസ്റ്റർ ചെയ്യപ്പെട്ട 6179 തൊഴിലാളികളുണ്ടെങ്കിലും ബിയർ & വൈൻ പാർലറുകൾ ആരംഭിച്ചതുമൂലം ഇവർക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല

കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി

193 (4996) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി അടച്ചുപൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായം, തൊഴിൽ, റവന്യൂ വകുപ്പു മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊരട്ടി വൈഗൈ ത്രഡ്സ് അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസ് പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചുവരവെ, ബഹു. കർണ്ണാടക ഹൈക്കോടതി 90/08 കമ്പനി പെറ്റീഷനിൽ അന്തിമവിധി പുറപ്പെടുവിച്ചു. കമ്പനി അടച്ചുപൂട്ടുന്നതിനും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയുമാണ് ബഹു. കർണ്ണാടക ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ഈ സാഹചര്യത്തിൽ കൊരട്ടി വൈഗൈ ത്രഡ്സിന്റെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു. വ്യവസായ വകുപ്പുമന്ത്രി, ബഹു. റവന്യൂ വകുപ്പുമന്ത്രി, ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 23-7-2015-ൽ ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്കിൽ ഡെവലെപ്മെന്റ് മിഷൻ

194 (4997) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly